"ഭരണഭാഷ – മാതൃഭാഷ" File No. E3/214/2022/Home

കേരള സർക്കാർ

**സംഗ്രഹം**

പോലീസ് വകുപ്പ് - പോലീസ് ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി 28 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(കൈ)നം.212/2022/ആഭ്യന്തരം തിരുവനന്തപുരം, തീയതി, 05.11.2022

---

പരാമർശം: 1) സ.ഉ.(സാധാ) നം. 1796/2022/ആഭ്യന്തരം തീയതി 29.06.2022.
2) സംസ്ഥാന പോലീസ് മേധാവിയുടെ 30.07.2022 തീയതിയിലെ എച്ച്3-77317/2022/പി.എച്ച്.ക്യൂ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന പദ്ധതി 2022-23 ൽ ഉൾപ്പെടുത്തി പോലീസ് ബറ്റാലിയനുകൾക്കും സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 30 ലൈറ്റ് മോട്ടോർ വാഹനങ്ങൾ 267.324 ലക്ഷം രൂപ (@ Rs.8,91,080/-) ചെലവഴിച്ച് വാങ്ങുന്നതിന് പരാമർശ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഇതിൻ പ്രകാരം GeM പോർട്ടൽ വഴി ബിഡ്ഡിംഗ് നടത്തുകയും M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 30 മഹീന്ദ്ര XUV 300 W6 വാഹനങ്ങൾ 2,74,93,230/- രൂപയ്ക്ക് വാങ്ങാൻ ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയും ഫിനാൻഷ്യൽ ബിഡ് ഓപ്പണിംഗ് കമ്മിറ്റിയും ശുപാർശ ചെയ്തുവെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. വാഹനം വാങ്ങുന്നതിനായി അനുവദിച്ച തുക 267.324 ലക്ഷം രൂപയായതിനാൽ 30 എണ്ണത്തിനു പകരം 28 വാഹനങ്ങളായി പരിമിതപ്പെടുത്തി 2022-23 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിന് കീഴിൽ 28 മഹീന്ദ്ര XUV 300 W6 (പെട്രോൾ) വാഹനങ്ങൾ 2,56,60,348/-രൂപ (9,16,441/-x28) 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022-23 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നതിനാലും ബജറ്റ് വിഹിതത്തിനുള്ളിൽ ആയതിനാലും ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി M/s.മഹീന്ദ്ര

ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 9,16,441/- രൂപ നിരക്കിൽ ആകെ 2,56,60,348/- രൂപയ്ക്ക് (രണ്ട് കോടി അമ്പത്തിയാറു ലക്ഷത്തി അറുപതിനായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ) 28 മഹീന്ദ്ര XUV 300 W6 (പെട്രോൾ) വാഹനങ്ങൾ, 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് അതേ വിഭാഗത്തിലുള്ള വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് ആനുപാതികമായി മാത്രം വാങ്ങണമെന്ന നിബന്ധനയ്ക്ക് വിധേയമായി വാങ്ങുന്നതിന് അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വേണു വി ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (24.09.2022 ലെ വ്യയം-എ 3/393/2022-ധന (2176605) പ്രകാരം).
പൊതുഭരണ (എസ്.സി) വകുപ്പ്. (02.11.2022 ലെ ഇനം നമ്പർ. 1121 )
ഡയറക്ടർ, ഐ & പിആർഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-11-2022

ഫയൽ നം. ഇ3/214/2022/ആഭ്യന്തരം. ഇനം നം: 1121

വിഷയം : ആഭ്യന്തര വകുപ്പ് - സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23 - പോലീസ് ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി 28 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

1121

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ 3/214/2022/ആഭ്യന്തരം |
| 2 | വകുപ്പ് | : | ആഭ്യന്തര (ഇ) വകുപ്പ് |
| 3 | വിഷയം | : | സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23- പോലീസ് ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി 28 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.10.2022 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.10.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.10.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.10.2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28.10.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പോലീസ് ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി 28 ലൈറ്റ് മോട്ടോർ വാഹനങ്ങൾ (LMV) വാങ്ങുന്നതിന് അനുമതി നൽകുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ അഭ്യർത്ഥനയുമായി ബന്ധപ്പെട്ട വിഷയമാണ് ഈ കുറിപ്പിൽ പരാമർശിക്കുന്നത്.

2) സംസ്ഥാന പദ്ധതി 2022-23 ൽ ഉൾപ്പെടുത്തി പോലീസ് ബറ്റാലിയനുകൾക്കും സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 30 ലൈറ്റ് മോട്ടോർ വാഹനങ്ങൾ 267.324 ലക്ഷം രൂപ (@ Rs.8,91,080/-) ചെലവഴിച്ച് വാങ്ങുന്നതിന് 29.06.2022-ലെ G.O.(Rt) നമ്പർ 1796/2022/Home പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

3) അതനുസരിച്ച് GeM പോർട്ടൽ വഴി ബിഡ്ഡിംഗ് നടത്തി, ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റിയും ഫിനാൻഷ്യൽ ബിഡ് ഓപ്പണിംഗ് കമ്മിറ്റിയും M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 30 മഹീന്ദ്ര XUV 300 W6 വാഹനങ്ങൾ 2,74,93,230/- രൂപയ്ക്ക് വാങ്ങാൻ ശുപാർശ ചെയ്തു. എന്നാൽ ഇതിനായി അനുവദിച്ച തുക 267.324 ലക്ഷം രൂപയാണ്, അതിനാൽ 30 എണ്ണത്തിനു പകരം 28 വാഹനങ്ങളായി പരിമിതപ്പെടുത്താൻ സംസ്ഥാന പോലീസ് മേധാവി തീരുമാനിച്ചു. 28 മഹീന്ദ്ര XUV 300 W6 (പെട്രോൾ) വാഹനത്തിന്റെ ആകെ ചെലവ് 2,56,60,348/- രൂപ (9,16,441/-x28) ആണ്. ഇത് അനുവദിച്ച തുകയ്ക്കുള്ളിലാണ് വരുന്നത്. ആയതിനാൽ 2022-23 വർഷത്തെ സ്റ്റേറ്റ് പ്ലാൻ സ്കീമിന് കീഴിൽ 28 എണ്ണം മഹീന്ദ്ര XUV 300 W6 (പെട്രോൾ) വാഹനങ്ങൾ 2,56,60,348/-രൂപ 2055-00-115-98-MPD (28) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി

നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്.

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നൽകിയപ്പോൾ, ചുവടെപ്പറയുന്ന പ്രകാരം മറുപടി നൽകി.

" The AD is informed that Finance agrees to the proposal for the purchase of 28 numbers of Mahindra XUV 300 W6 petrol Vehicles for Battalions & Special units for a total amount of Rs.2,56,60,348/- (28 Nos @ Rs.9,16,441/-) on condition that purchase may be allowed only against the condemnation of same class of vehicle and Cabinet nod is insisted for purchase of vehicles in view of standing orders banning the purchase of vehicles in G.O.(P)No.130/2021/Fin Dated 09.11.2021."

5) ധനവകുപ്പ് പരാമർശിച്ച 09.11.2021 ലെ G.O.(P)No.130/2021/Fin-ഉത്തരവ് പ്രകാരം കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വ്യയ നിയന്ത്രണത്തിന്റെയും സംസ്ഥാനത്ത് സാമ്പത്തിക സ്ഥിരത നേടുന്നതിന്റെയും ഭാഗമായി, വാഹനങ്ങൾ, ഫർണിച്ചറുകൾ എന്നിവ വാങ്ങൽ, സർക്കാർ ഓഫീസുകൾ മോടി പിടിപ്പിക്കുന്നത് എന്നീ പ്രവൃത്തികൾ 09.11.2021 മുതൽ ഒരു വർഷത്തേക്ക് നിരോധിച്ചിട്ടുള്ളതാണ്.

6) ധനവകുപ്പിന്റെ അഭിപ്രായത്തോടെ ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, വിഷയം മന്ത്രി സഭയുടെ മുമ്പാകെ വയ്ക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

2022-23 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ബജറ്റ് വിഹിതത്തിനുള്ളിൽ

ആയതിനാലും ബറ്റാലിയനുകൾക്കും പ്രത്യേക യൂണിറ്റുകൾക്കുമായി M/s.മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മൊത്തം 2,56,60,348/- രൂപയ്ക്ക് (രണ്ട് കോടി അമ്പത്തിയാറു ലക്ഷത്തി അറുപതിനായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ) (28 @ Rs.9,16,441/-) 28 മഹീന്ദ്ര XUV 300 W6 (പെട്രോൾ) വാഹനങ്ങൾ, അതേ വിഭാഗത്തിലുള്ള വാഹനങ്ങൾ കണ്ടം ചെയ്യുന്നതിന് ആനുപാതികമായി മാത്രം വാങ്ങാൻ അനുമതി നൽകാവുന്നതാണോ ?

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | No.E3/214/2022/Home |
| 2 | Department | : | Home (E) Department |
| 3 | Subject | : | State Plan Scheme 2022-23- Purchase sanction for the purchase of 28 Nos. of Light Motor Vehicles (LMV) for Battalions & Special Units – Reg. |
| 4 | Date of Chief Minister's order for placing before the Council. | : | 18.10.2022 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | : | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Joint Secretary who submitted the Draft Note. | : | |
| 8 | Name of Additional Chief Secretary who approved the Draft Note. | : | Dr. Venu V |
| 9 | Date of approval of the Draft Note for the Council by the Additional Chief Secretary | : | 25.10.2022 |
| 10 | Name of Chief Secretary who approved the Draft Note | : | Dr. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 26.10.2022 |
| 12 | Name of Minister who approved the Draft Note | : | Shri. Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | : | 27.10.2022 |
| 14 | Date of submission of fair copies. | : | 28.10.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the request of State Police Chief for according sanction for the purchase of 28 Nos. of Light Motor Vehicles (LMV) for Battalions & Special Units.

2) Government have accorded Administrative sanction for the purchase of 30 Nos. of LMVs for Battalions & Special units @ Rs.8,91,080/- for a total amount of Rs. 267.324 Lakh under the State Plan Scheme 2022-23 as per G.O.(Rt) No. 1796/2022/Home dated 29.06.2022.

3) Accordingly bidding has been done through GeM portal and the Technical Evaluation Committee and the Financial bid opening Committee recommended to purchase 30 nos. of Mahindra XUV 300 W6 vehicle from the firm M/s.Mahindra and Mahindra Ltd for an amount of Rs.2,74,93,230/-. But the sanctioned outlay for the same is Rs.267.324 Lakh and therefore State Police Chief has decided to limit the quantity of vehicles to be purchased as 28 Nos. instead of 30 Nos. So total cost for 28 Nos. of Mahindra XUV 300 W6 petrol Vehicles comes to Rs.2,56,60,348/- (Rs.9,16,441/- x 28) which is within the sanctioned outlay. Hence the State Police Chief has requested to accord sanction for the purchase of 28 Nos. of Mahindra XUV 300 W6 petrol Vehicles for a total amount of Rs.2,56,60,348/- under the State Plan Scheme for the year

2022-23 by meeting the expenditure from the head of Account 2055-00-115-98-MPD (28).

4) In this proposal Finance Department remarked as follows:

"The AD is informed that Finance agrees to the proposal for the purchase of 28 numbers of Mahindra XUV 300 W6 petrol Vehicles for Battalions & Special units for a total amount of Rs.2,56,60,348/- (28 Nos @ Rs.9,16,441/-) on condition that purchase may be allowed only against the condemnation of same class of vehicle and Cabinet nod is insisted for purchase of vehicles in view of standing orders banning the purchase of vehicles in G.O.(P)No.130/2021/Fin Dated 09.11.2021."

5) In the G.O.(P)No.130/2021/Fin Dated 09.11.2021 referred by Finance Department, Government on the onset of Covid outbreak, as part of control over expenditure and to gain financial stability, purchase of vehicles, furniture and modification of Government offices has been banned for a period of one year from 09.11.2021.

6) When the file was circulated to Hon'ble Chief Minister with the opinion of Finance Department, it has been ordered to place the matter before the Council of Ministers.

**Point for Decision**

Whether sanction may be accorded for the purchase of 28 numbers of Mahindra XUV 300 W6 petrol Vehicles for Battalions & Special units for a total amount of Rs.2,56,60,348/- (Rupees Two Crore Fifty Six Lakh Sixty Thousand Three Hundred and Forty Eight Only) (28 Nos @

Rs.9,16,441/-) from M/s.Mahindra and Mahindra Ltd on condition that purchase may be allowed only against the condemnation of same class of vehicle, as Administrative Sanction was already accorded for the same under Plan Scheme and the purchase is within the budget allocation ?